# മരിക്കാത്ത പ്രവാചക ശബ്ദം



105ലെ ഉണർവ്വു സമയത്ത് പെന്തക്കോസ്തു സത്യം സ്വീകരിച്ച് മഹാനായ കുക്കു സായിപ്പിൻെറ കൈകളാൽ സ്നാനമേറ്റ മാടപ്പള്ളിൽ സ്കറിയാച്ചൻെറയും മറിയാമ്മയുടെയും മകനായി 1930 സെപ്തംബർ 16ന് പാസ്റ്റർ എം.എസ്. ജോൺ ജനിച്ചു.

1951 ജൂൺ 3ന് വാര്യാപുരം യോഹന്നാച്ചൻ വിവാഹിതനായി. കടമ്പനാട് - തുവയൂർ ദൈവസഭാംഗമായ വേമ്പനാട്ട് അഴികത്ത് പുത്തൻവീട്ടിൽ തോമസ് ഗീവർഗീസിൻെറയും സാറാമ്മയുടെയും മകൾ മേരിക്കുട്ടിയാണ് ഭാര്യ.

1963-ൽ താൻ രക്ഷിക്കപ്പെട്ടു. തുടർന്ന് അഭിഷേകം പ്രാപിച്ചു. കൃപാവരങ്ങൾ പ്രാപിച്ചു. മലയാളക്കരയിലെ പെന്തക്കോസ്തർക്ക് മാതൃകാപരമായ ജീവിതം കാട്ടി. അനേകർ താൻ മുഖാന്തിരം വിടുതലും രക്ഷാനിർണ്ണയവും പ്രാപിച്ചു.

1993 ഒക്ടോബർ നാലിന് ഹൃദ്രോഗമുണ്ടായി. അതുമൂലം ചില മാസങ്ങൾ വിശ്രമിച്ചു. വീണ്ടും ഫെബ്രുവരി. 1994 ഫെബ്രുവരി 9 മുതൽ കാലിനു വേദനയാരംഭിച്ചു. അത് മൂർച്ഛിച്ചു. പ്രത്യാശയിൽ നിലനിന്നു. 1994 മാർച്ച് 15 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

സഹോദരങ്ങൾ പൊടിയച്ചൻ പത്തനാപുരം, പാസ്റ്റർ. പി.എസ്. സാമുവേൽ, റായ്പൂർ, എം.എസ്. സ്കറിയ (U.S.A) അന്നമ്മ ശാമുവേൽ കലഞ്ഞൂർ എന്നിവരാണ്.

ജീവിതത്തിൽ തക്കതുണയായിരുന്ന പ്രിയ ദൈവദാസി മേരിക്കുട്ടിയ്ക്കും സഹോദരങ്ങൾക്കും ദൈവം ആശ്വാസം നൽകട്ടെ.

തയ്യാറാക്കിയത്:
**ഷാജി ഇടുക്കി**

ഇന്നും പ്രൗഢഗംഭീരമായ ശബ്ദം കാതിൽ മുഴങ്ങി നിൽക്കുന്നു. മരിച്ചു എന്ന് പറയാൻ തോന്നുന്നില്ല. കേരള പെന്തക്കോസ്തു ചരിത്രത്തിൽ പ്രവാചകശബ്ദത്തിൻെറ തനിമയും ദൗത്യവും വെളിപ്പെടുത്തിയ വാര്യാപുരം യോഹന്നാച്ചനെന്ന ഭക്തൻ നിത്യവിശ്രമത്തിലെത്തിയെങ്കിലും മലയാളക്കരയിലെ ദൈവമക്കളുടെ സ്മൃതി പടലങ്ങളിൽ ഇന്നും അദ്ദേഹത്തിന് സ്ഥാനമുണ്ട്.

തികച്ചും ആദരണീയനായ കർത്തൃദാസൻ പാസ്റ്റർ എം.എസ്. ജോൺ, കഴിഞ്ഞ 3 പതിറ്റാണ്ടുകൾ പെന്തക്കോസ്തു മണ്ഡലത്തിൽ തിളങ്ങി നിന്ന പ്രവാചകൻ തന്നെ ആയിരുന്നു. ശക്തമായ ദൈവീക ശബ്ദം ആധികാരികമായി അറിയിക്കാൻ ദൈവമുപയോഗിച്ച കർത്തൃദാസൻ യോഹന്നാച്ചൻ, പിൻതലമുറക്കാർക്ക് നൽകിയ മാതൃകാ ജീവിതം അനുകരണീയമായവയാണ്. മനുഷ്യജീവിതത്തിലെ വികലതകൾ സമൂഹത്തെ തളർത്തുന്നവയാണ്. എന്നാൽ നന്മകൾ ഉത്തേജനപരവുമാണ്.

ജീവിതത്തിന് പ്രത്യേക ചിട്ടയും രൂപവും നൽകി, കാലഭേദങ്ങൾക്ക് വ്യതിയാനം വരുത്താൻ കഴിയാതിരുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്ന വാര്യാപുരം യോഹന്നാച്ചനെ നാടും നാട്ടാരും ഓർമ്മച്ചെപ്പുകളിൽ സൂക്ഷിക്കുമെന്നതിന് സംശയമില്ല.

## വീട്ടിലിരുന്ന് രക്ഷിക്കപ്പെട്ടു

1963ലെ ഒരു സന്ധ്യയ്ക്ക് 7മണിയോടെ യോഹന്നാച്ചൻ പ്രാർത്ഥിക്കാനിരുന്നു. പ്രാർത്ഥന ചില മണിക്കൂറുകൾ നീണ്ടു. കരച്ചിലിൻെറ

MGM Ministries-Article Source:
Jyothimargom, April 1994, Vol. 11, No. 4, Page 8-13



യോഹന്നാച്ചനും ഭാര്യ മേരിക്കുട്ടിയും.

ശബ്ദം പാതിരാനിശബ്ദതയിൽ അടുത്ത മുറയിലുള്ള പിതാവ് സ്കറിയാച്ചന്റെയും കാതിൽ കേട്ടു. മണിക്കൂറുകൾ വീണ്ടും കടന്നുപോയി. പാപങ്ങൾ ഓരോന്നായി ഏറ്റുപറയുന്നു. പ്രാർത്ഥന നിർത്തുന്നില്ല. രാത്രി രണ്ടുമണിയായപ്പോൾ സഹധർമ്മിണി ശാന്തമായി പറഞ്ഞു. “അച്ചായാ ഇനി അല്പസമയം വിശ്രമിച്ചശേഷം ആകട്ടെ.” മറുപടി വ്യത്യസ്ഥമായിരുന്നു. താൻ പ്രാർത്ഥനയും, പാപം ഏറ്റുപറയുന്നതും, കരച്ചിലും നിർത്തിയില്ല. ആ രാത്രി മുഴുവൻ അതു തുടർന്നു. രക്ഷയുടെ സന്തോഷം ഹൃദയത്തിൽ അലതല്ലി. പ്രഭാതത്തിൽ 7 മണിയായപ്പോൾ പ്രാർത്ഥന അവസാനിപ്പിച്ചു. അത് ഒരു ദൃഢപ്രതിജ്ഞയോടെയായിരുന്നു.

## അഭിഷേകം കിട്ടാതെ വീട്ടിൽ കിടക്കുകയില്ല

രക്ഷയുടെ സന്തോഷം ലഭിച്ച രാത്രിയുടെ യാമം ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ഏത് അനുഭവങ്ങളും ശക്തവും ദൃഢവും ആയിരിക്കണമെന്ന് ആഗ്രഹിച്ച യോഹന്നാച്ചൻ പിറ്റേന്നു രാവിലെ വിശ്രമിക്കാൻ തുനിഞ്ഞില്ല. രാവിലെ കിടക്കയെടുത്തു ഭാര്യ മേരിക്കുട്ടിയെ വിളിച്ച്, അഭിഷേകം കിട്ടിയിട്ടല്ലാതെ ഞാനിങ്ങോട്ടു വരികയില്ലെന്നു പറഞ്ഞ് വാര്യാപുരം ഹാളിലേക്കു പോയി.

“അച്ചായന് ആത്മശക്തി ഇപ്പോഴേ ലഭിച്ചിട്ടുണ്ട്. അന്യഭാഷ കിട്ടും, ദൈവം തരും.” എന്നൊക്കെ പറഞ്ഞ് സഹധർമ്മിണി ഉത്തേജനം നല്കി.

“ഞഞ്ഞാ പുഞ്ഞാ പറയുന്ന അഭിഷേകം എനിക്കു വേണ്ട. വിവിധ ഭാഷകളാലുള്ള അഭിഷേകമാണ് എനിക്കു വേണ്ടത്.” ഇതായിരുന്നു തന്റെ പ്രതികരണം.

പാസ്റ്റർ എ.റ്റി. തോമസ് (കുമ്പനാട്) വാര്യാപുരത്ത് ശുശ്രൂഷകനായിരിക്കുന്ന കാലം. യോഹന്നാച്ചന്റെ ഉത്സാഹവും തീക്ഷ്ണതയും വിശ്വാസികളിലേക്കു പകർന്നു. പാസ്റ്റർക്കും ഉത്സാഹമായി. സഭയിൽ അഭിഷേകം പ്രാപിക്കാത്തവർക്കെല്ലാം ഉണർവ്വായി തുടങ്ങി. ദിവസങ്ങൾ കഴിഞ്ഞു. സഭയിൽ ഉണർവ്വുയോഗങ്ങളായി കാത്തിരുപ്പു ദിനങ്ങൾ പരിണമിച്ചു. നീണ്ട ഇരുപതോളം ദിവസങ്ങൾ ഹാളിൽ നിന്ന് ഏതാണ്ട് 500അടി മാത്രം അകലമുള്ള വീട്ടിലേക്ക് ഒരു തുള്ളി വെള്ളം കുടിക്കുവാൻ പോലും കയറാതെ തന്റെ അഭിഷേകത്തിനായുള്ള തീവ്രവാഞ്ഛ ദൈവമുൻപിൽ വെളിപ്പെടുത്തി. ദൈവം തന്റെ പ്രാർത്ഥനയ്ക്കു മറുപടി നല്കി. വിവിധ ഭാഷകളോ ശക്തമായ ആത്മപ്പകർച്ച. സഭ ഉണർന്നു. അഭിഷേകം പ്രാപിക്കാത്തവർക്ക് ദൈവം അഭിഷേകം നല്കി. ഞായറാഴ്ച ചില ചെറുപ്പക്കാരെ കർത്താവിന്റെ വേലക്കായി വേർതിരിച്ചു. ചിലരോട് ദൈവാത്മാവിൽ ദൂതുകൾ സംസാരിച്ചു. അന്നു തുടങ്ങിയ പ്രാർത്ഥനാ ജീവിതം മരണം വരെ തുടർന്നു.

## ദൈവശബ്ദം കേട്ട് കന്യാകുമാരിയിലേക്ക്

രാവിലെ മുണ്ടും ഷർട്ടും എല്ലാം ധരിച്ച് യാത്ര പുറപ്പെടുന്നതിനു മുമ്പായി ഭാര്യ മേരിക്കുട്ടിയെ വിളിച്ചു പറഞ്ഞു. “ഇന്നലെ കന്യാകുമാരിയുടെ മുനമ്പിൽ പോയിരുന്ന് പ്രാർത്ഥിക്കുവാൻ ദൈവശബ്ദം ഉണ്ടായി. മേരിക്കുട്ടീ, നീ വിഷമിക്കരുത്. ഒരാഴ്ച കഴിഞ്ഞു വരാം.”

യാതൊരു മുന്നറിയിപ്പുമില്ലാതെ ഒരുങ്ങിയിറങ്ങിയപ്പോഴാ വീട്ടുകാരറിയുന്നത്. ധരിച്ചിരിക്കുന്ന വസ്ത്രമല്ലാതെ മറ്റൊന്നും ദൈവശബ്ദം അനുസരിച്ച് എടുക്കാതെ താൻ യാത്രയായി. നടന്നും, കാളവണ്ടിയിലുമൊക്കെയായി മുൻപ് ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത മുനമ്പിലേയ്ക്കു യാത്രയായി. മുനമ്പിലെത്തിയ ക്രിസ്തുഭക്തന് ആരേയും പരിചയമില്ലെങ്കിലും ചില ദിവസങ്ങൾ താൻ മുറി വാടകയ്ക്കെടുത്ത് താമസിച്ചു പ്രാർത്ഥിക്കുമ്പോൾ ഒരു ക്രിസ്തുദാസ് അവിടെയെത്തി. അവർ

MGM Ministries-Article Source:
Jyothimargom, April 1994, Vol. 11, No. 4, Page 8-13

# രക്ഷിക്കപ്പെടുന്നതിനു മുൻപ് ആരാധനയ്ക്കായി വഴിപറഞ്ഞു കൊടുത്ത സംഭവം

*വാര്യാപുരം യോഹന്നാച്ചൻ കമ്മ്യൂണിസ്റ്റാദർശത്തിൽ ഉറച്ചു നിന്നിരുന്ന കാലം. എ.വി. തോമസ് ആൻഡ് കമ്പനിയിൽ ജോലി നോക്കിയിരുന്ന സമയത്ത്, ഇന്ന് ചാലിയേക്കര സഭയുടെ അംഗമായ ഏലിയാമ്മ തോമസിന് ആരാധനയ്ക്കു പോകാൻ സ്ഥലം അറിയാഞ്ഞതിനാൽ വിഷമിച്ച് പോകുന്നത് കണ്ടിട്ട് യോഹന്നാച്ചൻ ചോദിച്ചു.*

*"ഏലിയാമ്മേ! കൊട്ടും പാട്ടുമുള്ളേടത്തു പോകാനല്ലേ നിയി പമ്മി പമ്മി പോകുന്നത്? ഞാൻ പറഞ്ഞു തരാം. കറവൂരൊരു ഉപദേശി എവിടുന്നോ വന്നിട്ടുണ്ട്. അങ്ങോട്ടു പൊയ്ക്കോ"*

*അന്ന് രക്ഷിക്കപ്പെട്ടവനല്ലെങ്കിലും വിശ്വാസമാർഗ്ഗത്തിലേക്ക് വഴികാട്ടിയ വ്യക്തിയാണ് അദ്ദേഹം.*

ഒരുമിച്ചു പ്രാർത്ഥിച്ചു. അവിടെയിരുന്ന് ഉപവസിച്ചു പ്രാർത്ഥിച്ചു. ചിലതു നേടിയെടുക്കാനുള്ള സമരമുറ പോലെ. യോഹന്നാച്ചന് വിവിധ കൃപാവരങ്ങൾ ലഭിച്ചു.

65-ാം ദിവസം കൃശഗാത്രനായി വീട്ടിൽ മടങ്ങിയെത്തിയെങ്കിലും ലഭിച്ച കൃപാവരങ്ങൾ മങ്ങലേല്ക്കാതെ ജ്വലിപ്പിച്ചുവെന്ന് ആയിരങ്ങൾ സാക്ഷി.

## ശുശ്രൂഷകൾ

ഇന്ത്യയുടെ എല്ലാ മേഖലകളിലും കർത്താവിൻെറ നാമത്തിൽ അത്ഭുത ശുശ്രൂഷകൾ യോഹന്നാച്ചനിലൂടെ ദൈവം ചെയ്തെടുത്തിട്ടുണ്ട്. ധാരാളം രോഗശാന്തികൾ തൻെറ പ്രാർത്ഥനയിൽ ഉണ്ടായിട്ടുണ്ട്. കുഷ്ഠരോഗം പോലെ വ്രണബാധിതമായ രോഗങ്ങൾ ഒറ്റപ്രാർത്ഥനയിൽ ദൈവം സൗഖ്യമാക്കിയിട്ടുണ്ട്. ഭൂതങ്ങൾ അലറിയോടിയിട്ടുണ്ട്. ദൈവം തന്നിലൂടെ അറിയിച്ചിട്ടുള്ള പ്രവചനങ്ങൾ വ്യക്തികളേയും സഭകളേയും ഇളക്കിയിട്ടുണ്ട്.

## കൊറിയൻ ഇംഗ്ലീഷ് ഭാഷകൾ

ചേട്ടൻ തന്നോട് ഒരിക്കൽ ഇംഗ്ലീഷിൽ പ്രവചനമായി ചില കാര്യങ്ങൾ സംസാരിച്ചത് അമേരിക്കയിൽ താമസിക്കുന്ന സഹോദരൻ എം.എസ്. സ്കറിയാ വിവരിക്കുകയായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസമില്ലാതിരുന്ന ചേട്ടന് വളരെ സ്പഷ്ടമായി ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിഞ്ഞത് ദൈവാത്മാവിൻെറ പ്രവർത്തനത്തിൻെറ ശക്തി ഒന്നു മാത്രമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ഒരിക്കൽ കൽക്കട്ടയിൽ ദൈവവചനം ശുശ്രൂഷിച്ച ശേഷം അന്യഭാഷകളിൽ ആരാധന ആരംഭിച്ചു. പലരോടും പ്രവചനപരമായ കാര്യങ്ങൾ സംസാരിച്ചു. ഇന്ത്യൻ ഭാഷകളിൽ നിന്ന് വ്യത്യസ്തമായ ഭാഷ സംസാരിക്കാൻ തുടങ്ങി. അതു ശക്തിയോടെ ഒരാളുടെ ഹൃദയത്തിലേക്ക് തറയ്ക്കു വാചകങ്ങളായി. പ്രാർത്ഥനാ സമയത്ത് കൊറിയൻ ഭാഷയിലൂടെ ദൈവത്തിൻെറ ആലോചന ഉണ്ടായതിനാൽ യേശുവനായി ജീവിതം സമർപ്പിക്കപ്പെട്ടു. ഇന്ന് ആ കൊറിയാക്കാരൻ തൻെറ രാജ്യത്ത് സുവിശേഷ വയലിലായിരിക്കുന്നു.

യോഹന്നാച്ചനു മലയാളമല്ലാതെ മറ്റൊരു ഭാഷയും അറിയില്ലെങ്കിലും ആത്മാവിൽ കൊറിയാക്കാരനോടും ഇംഗ്ലീഷനുകാരനോടും ഹിന്ദിക്കാരനോടും ഒക്കെ അവരവരുടെ ഭാഷയിൽ, തനതായ ശൈലിയിൽ ദൈവത്തിൻെറ ആലോചന അറിയിക്കാൻ ദൈവം ഉപയോഗിച്ച പ്രവാചകനെ പോലെ മറ്റൊരു മനുഷ്യനെ കൂടെ ദൈവം ഈ തലമുറയ്ക്ക് നല്കിയിരുന്നെങ്കിൽ!

## പ്രാർത്ഥനാ ജീവിതം

കൃപാവരങ്ങൾ ലഭിച്ച് ദൈവത്തിൻെറ ദാസൻ മടങ്ങിയെത്തിയ നാളു മുതൽ വീടിൻെറ ഒരു മുറി പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുള്ളത് ഒരു പ്രത്യേകതയാണ്. കഴിഞ്ഞ മുപ്പതു വർഷങ്ങൾ തുടർച്ചയായി എല്ലാ ആഴ്ചയിലും ഒരു ദിവസം പ്രാർത്ഥനാദിവസമായി വേർതിരിച്ചിരുന്നു. ദേശത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും പ്രാർത്ഥനയ്ക്ക് ആളുകളെത്തുമായിരുന്നു.

വീട്ടുപ്രാർത്ഥന ഒഴുക്കൻമട്ടിൽ ആകാൻ താൻ ആഗ്രഹിച്ചിരുന്നില്ല. ചിലപ്പോൾ ഡ്രം അടിച്ച് മുഴുശക്തിയോടെ ആരാധിക്കുന്നതിൽ ഇഷ്ടപ്പെട്ടിരുന്നു.

രഹസ്യപ്രാർത്ഥന മണിക്കൂറുകളോളം നീണ്ടുനിന്നിരുന്നു. തനിക്കു ദൈവത്തോട് സംസാരിക്കുന്നതു മതിയായിരുന്നില്ല. രാത്രിയിൽ പ്രാർത്ഥനയ്ക്ക് എഴുന്നേറ്റാൽ ചിലപ്പോൾ നേരം പ്രഭാതമായേ അവസാനിച്ചിരുന്നുള്ളു.

ആര് തൻെറ അടുക്കൽ പ്രാർത്ഥനയ്ക്കു വന്നാലും ദൈവവചനം പറയാതെ പ്രാർത്ഥിക്കാറില്ല.



പിതാവിനോടൊപ്പം

MGM Ministries-Article Source:
Jyothimargom, April 1994, Vol. 11, No. 4, Page 8-13

## ജീവിതവിശുദ്ധി

ജീവിതത്തിൽ വിശുദ്ധിക്കു കൊടുത്തിട്ടുള്ള സ്ഥാനം മറ്റൊന്നിനും കൊടുത്തിട്ടില്ലാത്ത ഒരു മനുഷ്യനായിരുന്നു വാര്യാപുരം യോഹന്നാച്ചനെന്ന് എട്ടുവർഷം വാര്യാപുരം സഭയുടെ ശുശ്രൂഷകനായിരുന്ന പാസ്റ്റർ എം.റ്റി. മാത്യു പറഞ്ഞു.

സ്ഥലം സഭയ്ക്കു മുതൽക്കൂട്ടായിരുന്നു. ഒരു പ്രവാചകനും സ്വന്ത ദേശ ശുശ്രൂഷയിൽ വിജയിക്കാൻ കഴിയാതിരിക്കുമ്പോൾ സ്വന്ത സഭയിൽ എന്നും അതിഥിയെപ്പോലെ ഗണിക്കപ്പെട്ടിരുന്ന വ്യക്തിത്വമായിരുന്നു യോഹന്നാച്ചന്റേത്.

ഇന്നുവരെ തന്നേക്കുറിച്ച് യാതൊരു ദുർനടപ്പിന്റെ ശ്രുതി കേട്ടിട്ടില്ല. ആരെക്കുറിച്ചെങ്കിലും തന്റെ ചെവിയിൽ അത്തരം വാർത്തകൾ എത്തിയാൽ അവരെ വെറുതേ വിടാനും തനിക്കു മനസ്സില്ലായിരുന്നു. ശരിക്കും സ്നേഹപൂർവ്വം തർജ്ജനം ചെയ്യുന്നതിൽ താൻ മടികാണിച്ചിട്ടുമില്ല. തനിക്കു സിദ്ധിച്ചിരുന്ന ബുദ്ധിയും നിഷ്കളങ്കതയും അത്യപൂർവ്വമായിരുന്നു എന്നും പാസ്റ്റർ എം. റ്റി. മാത്യു കൂട്ടിച്ചേർത്തു.

## ദാമ്പത്യ ജീവിതം

തികച്ചും സംതൃപ്തകരമായിരുന്ന ദാമ്പത്യജീവിതമായിരുന്നു യോഹന്നാച്ചൻ-മേരിക്കുട്ടി ദമ്പതികളുടേത്. മക്കളില്ലായിരുന്നെങ്കിലും അതിന്റെ ദുഃഖം ഒരിക്കൽ പോലും യോഹന്നാച്ചനിൽ പ്രകടമായിരുന്നില്ല. യോഹന്നാച്ചൻ എവിടെ പോയിവന്നാലും മിഠായിയോ പഴവർഗ്ഗങ്ങളോ ഒക്കെ വാങ്ങി സഹധർമ്മിണി മേരിക്കുട്ടിക്ക് കൊടുക്കുന്നതിൽ ശ്രദ്ധിച്ചിരുന്നുവെന്ന് ഒരു കർത്തൃദാസൻ തന്റെ പരിചയത്തിൽ നിന്നു പറഞ്ഞു.

ഭാര്യയെ നന്നായി സ്നേഹിച്ചിരുന്നു. നാലു പതിറ്റാണ്ടുകളുടെ ദാമ്പത്യജീവിതത്തിന് ഒരിക്കലും ഉലച്ചിൽ ഉണ്ടായിട്ടില്ല.



സഹോദരൻമാരോടൊത്ത്.

## ദാനശീലൻ

ദാനം കൊടുക്കുന്ന കാര്യത്തിൽ ഇടുക്കമില്ലാത്ത മനുഷ്യനായിരുന്നു യോഹന്നാച്ചൻ. അതു തന്റെ ജീവിതത്തിന്റെ വിജയമായിരുന്നു. ലഭിക്കുന്നത് അതുപോലെ തന്നെ കൊടുത്തു കൊണ്ടിരുന്ന മനുഷ്യനായിരുന്നു അദ്ദേഹം.

ആശുപത്രിയിൽ പോയാൽ എനിക്കു പണം ചിലവാകും. എന്നാൽ ഞാനതു നിങ്ങൾക്കു തരുന്നു എന്ന് പറഞ്ഞ് 5000രൂപ ചില മാസങ്ങൾക്കു മുൻപ് സഭയെ ഏല്പിച്ച കാര്യം സഭാശുശ്രൂഷകൻ പറഞ്ഞു.

## ജീവിതത്തിലെ ചില തീരുമാനങ്ങൾ

വിശുദ്ധന്മാരെ സ്വീകരിക്കുന്നതിൽ വലിപ്പചെറുപ്പ വ്യത്യാസം കാണിക്കാത്ത ആളായിരുന്നു അദ്ദേഹം.

വസ്ത്രധാരണം, ചെരുപ്പ്, വിദേശയാത്ര, രോഗശാന്തി എന്നിങ്ങനെയുള്ള വിഷയങ്ങളിൽ തീരുമാനങ്ങൾ ദൃഢമായിരുന്നു. വിദേശ സന്ദർശനത്തിന് പോകുകയില്ല എന്നു തീരുമാനിച്ചിരുന്നു. പലരും വിദേശയാത്രയ്ക്കുള്ള പേപ്പറുകളെല്ലാം അയച്ചെങ്കിലും തീരുമാനത്തിൽ നിന്നു വ്യതിചലിക്കുവാൻ തനിക്കു കഴിഞ്ഞില്ല. കൊറിയയിൽ നിന്നു പാസ്റ്റർ പോൾ യോംഗിചോ യാത്രാക്രമീകരണങ്ങൾ ടിക്കറ്റു സഹിതം അയച്ചു കൊടുത്തിട്ടും താൻ ആ യാത്ര സ്നേഹപൂർവ്വം നിരസിക്കുകയായിരുന്നു. മറ്റു പല രാജ്യങ്ങളിൽ നിന്നും ഇതേ ശ്രമം ഉണ്ടായിട്ടുണ്ട്. ആശുപത്രിയിൽ ചികിത്സയ്ക്കായി പോകുകയില്ലെന്നും തന്റെ ശരീരത്തിൽ ഔഷധപ്രയോഗം രോഗശാന്തിക്കായി നടത്തുകയില്ലെന്നുമുള്ള തീരുമാനത്തിന് മരണം വരെ വ്യത്യാസം വരുത്താതെ ജീവിച്ചു. തന്റെ രോഗശയ്യയിൽ പല ഡോക്ടേഴ്സ് വന്നെങ്കിലും അവരോടെല്ലാം മുട്ടുകുത്തി പ്രാർത്ഥിക്കാനാണ് താൻ ആവശ്യപ്പെട്ടത്. മാത്രമല്ല, താൻ അവർക്കു വേണ്ടിയും പ്രാർത്ഥിച്ചു. അഭിഷേകം പ്രാപിക്കാത്തവരിൽ നിന്ന് ദാനം വാങ്ങിയിരുന്നില്ല. രഹസ്യം സൂക്ഷിക്കുന്ന കാര്യത്തിൽ കൃത്യനിഷ്ടയുണ്ടായിരുന്നു. ഇതൊക്കെ യോഹന്നാച്ചന്റെ ജീവിതത്തിലെ ചില പ്രത്യേകതകൾ മാത്രമാണ്. പൊട്ടച്ചൊൽ, കളിവാക്ക് എന്നിവ പറയുകയോ തകർത്തു ചിരിക്കുകയോ ചെയ്തിട്ടില്ലെന്നാണ് തന്റെ ഭാര്യ മേരിക്കുട്ടിയുടെ വിശ്വസനീയമായ വാക്കുകൾ വെളിപ്പെടുത്തിയത്.

തന്റെ ശുശ്രൂഷയാത്രകൾക്ക് സ്വന്തമായി വാഹനം വാങ്ങുവാൻ സാഹചര്യം ഉണ്ടായിരുന്നിട്ടും ഒരു സൈക്കിൾ പോലും വാങ്ങാൻ താൻ മുതിർന്നിരുന്നില്ല. യോഹന്നാച്ചന്റെ പേരുവച്ച് നോട്ടീസടിച്ച് പ്രസിദ്ധപ്പെടുത്തിയാൽ കഴിവുള്ളിടത്തോളം അവിടെ പോകാൻ മടികാ

MGM Ministries-Article Source:
Jyothimargom, April 1994, Vol. 11, No. 4, Page 8-13

# അന്ത്യനാളുകൾ

ണിച്ചിരുന്നു. അത്രത്ര ഇഷ്ടമായിരുന്നില്ല. പരസ്യം താൻ ആഗ്രഹിച്ചില്ല. ജീവിച്ചിരുന്നപ്പോൾ തന്നെ പലരും ഇൻറർവ്യൂ ചെയ്യാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം അതിനു വഴിപ്പെട്ടിട്ടില്ലെന്നാണ് പറയുന്നത്.

മൂന്നു പതിറ്റാണ്ടുകൾ യൗവനപ്രസരിപ്പോടെ ഇടിനാദം പോലുള്ള പ്രവചന ശുശ്രൂഷ മലയാളക്കരയിലെ പെന്തക്കോസ്തു ജനതയ്ക്ക് ഇന്നും ഉത്തേജനം പകരുന്നവയാണ്. എപ്പോഴും ദൈവത്തോടു സംസാരിക്കുന്നതിൽ പ്രിയപ്പെട്ടിരുന്ന യോഹന്നാച്ചൻ വിശ്രമമില്ലാത്ത ദൈവഭൃത്യനായിരുന്നു.

'93 ഒക്ടോബർ 4-ാം തീയതി ഹൃദയസംബന്ധമായ അസുഖങ്ങൾ ഉണ്ടായി. മരണത്തിന്റെ വക്കോളമായി എങ്കിലും ചില ദിവസങ്ങൾ കൂടി സർവ്വശക്തൻ തനിക്കു നല്കിക്കൊടുത്തു. അതിനുശേഷം താൻ ദൂരെയെങ്ങും ശുശ്രൂഷയ്ക്കായി പോയിട്ടില്ലാ എന്ന് കലഞ്ഞൂര് വിവാഹം ചെയ്തയച്ചിരുന്ന മൂത്ത സഹോദരി അന്നമ്മ പറഞ്ഞപ്പോൾ കണ്ണു നിറഞ്ഞിരുന്നെങ്കിലും അക്കരെ നാട്ടിൽ തന്റെ സഹോദരനെ കാണാമെന്നുള്ള പ്രത്യാശ മുഖത്തു സ്ഫുരിക്കുന്നുണ്ടായിരുന്നു. സന്ദർശകർ ധാരാളം എത്തിക്കൊണ്ടിരുന്നു. പ്രാർത്ഥനയും ആശ്വാസവാക്കുകളും ധാരാളം ഒഴുകിക്കൊണ്ടിരുന്നു. എല്ലാവർക്കും ഉണർവ്വിന്റെ ആവേശം പറഞ്ഞുകൊടുത്ത് അദ്ദേഹം മടക്കി അയച്ചുകൊണ്ടിരുന്നു.

'94 ഫെബ്രുവരി 9മുതൽ കാലിന്റെ പെരുവെള്ളയിൽ ചെറിയ ഒരു വേദന. ഭാര്യ മേരിക്കുട്ടിയെ വിളിച്ചിട്ട് വേദനയുള്ളിടത്ത് നോക്കാൻ പറഞ്ഞു. അവർ നോക്കി. പുറമേ ഒന്നും കാണാനില്ല. ദിവസങ്ങൾ കഴിയുന്തോറും വേദന കൂടിക്കൂടി വന്നു.

"അച്ചായൻ എന്നോട് കൈവച്ചു പ്രാർത്ഥിക്കാൻ പറഞ്ഞു. ഞാൻ പ്രാർത്ഥിച്ചു. അല്പം ആശ്വാസമായി. പിന്നെയും വേദന. രാത്രിയിൽ ഉറങ്ങുവാൻ കഴിയാത്ത നിലയിലുള്ള വേദനയിൽ ആശ്വാസത്തിനായി അനേകർ വന്നു പ്രാർത്ഥിച്ചു. പിന്നെ കാലിന്റെ വെള്ള പഴുത്ത് പഴുപ്പ് പുറത്തുവന്നു. ഇങ്ങനെ ചില ദിവസങ്ങൾ തള്ളിനീക്കിയെങ്കിലും ആത്മീയത വിട്ട് ഒരുകാര്യവും സംസാരിച്ചില്ല. അച്ചായന്റെ മരണകാരണം ഹൃദയസ്തംഭനമല്ല. മറിച്ച് കാലിലുണ്ടായ അസുഖമാണ്". ജീവിത സഖിയുടെ കണ്ണീരിൽ ചാലിച്ച വാക്കുകൾ തുടർന്നു കൊണ്ടിരുന്നു. മരിക്കുന്നതിനു നാലു ദിവസം മുൻപ് പ്രവചനമായി ധാരാളം ദൂതുകൾ സംസാരിച്ചു. വിശുദ്ധിക്കുവേണ്ടി പോരാടണം, ദൈവവചനം ആത്മാവിൽ ശക്തിപ്പെടണം. സഭ വലിയ കഷ്ടതയിലൂടെ കടന്നു പോകും. എന്നിങ്ങനെയുള്ള വാചകങ്ങൾ ആവർത്തിക്കപ്പെട്ടു.

മരിക്കുന്നതിനു നാലു ദിവസം മുൻപ് പ്രവചനമായി ധാരാളം ദൂതുകൾ സംസാരിച്ചു. വിശുദ്ധിക്കു വേണ്ടി പോരാടണം, ദൈവവചനം ആത്മാവിൽ ശക്തിപ്പെടണം. സഭ വലിയ കഷ്ടതയിലൂടെ കടന്നു പോകും. എന്നിങ്ങനെയുള്ള വാചകങ്ങൾ ആവർത്തിക്കപ്പെട്ടു.

## "ദൈവസഭയിൽ ഒരു റീ അറേഞ്ച്മെൻറ്

താൻ ശരീരത്തിൽ രോഗിയാകുന്നതിനു മുൻപ് കുമ്പനാട് ചിറ്റിഴേത്ത് പാസ്റ്റർ ജോസഫ്. സി. ജോസഫിന്റെ ഭവനത്തിൽ വച്ചു നടന്ന ഉപവാസപ്രാർത്ഥനയിൽ ദൈവസഭയിൽ ഒരു പുനഃക്രമീകരണം ഉണ്ടാകുമെന്ന് പ്രവചിച്ചതായി അറിഞ്ഞത് വസ്തുതയാണ്. അതിനോടൊപ്പമുള്ള ചില അക്കമിട്ടു പറഞ്ഞ വാചകങ്ങളും ഇവിടെ ചേർക്കുന്നത് യുക്തമാണ്.

പെന്തക്കോസ്തു നേതൃത്വത്തിൽ, ദൈവസഭയിൽ, ലോകഭരണത്തിൽ എല്ലാം ഈ പുനക്രമീകരണം ഉണ്ടാകാൻ പോകുന്നതായി അദ്ദേഹം പറഞ്ഞു.

മാർച്ചു 14-ാം തീയതി കുളികഴിഞ്ഞ ശേഷം തന്റെ ജീവിത പങ്കാളിയായ മേരിക്കുട്ടിയോടു പറഞ്ഞു. ഞാനെന്റെ വീട്ടിൽ പോവുകയാണ്."

ഇതു പറഞ്ഞ മാത്രയിൽ "എന്റെ കാര്യം എങ്ങനാ അച്ചായാ" എന്നു ചോദിച്ചപ്പോൾ, "നിന്റെ കാര്യം ദൈവം നോക്കിക്കോളുമെന്നാണ് പ്രതിവചിച്ചത്."

## "വെൽക്കം, ഗോഡ് വെൽക്കം"

ജീവിതത്തിൽ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും വളരെയധികം പ്രാധാന്യം കൊടുത്തിരുന്ന ഭക്തനായ ദൈവഭൃത്യൻ മരിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് വളരെ ശക്തിയായി കയ്യടിച്ച് ആരാധിക്കുകയായിരുന്നു. ഒപ്പം "വെൽക്കം" എന്നു നാലാവർത്തി പറഞ്ഞ് അതിഥികളെ സ്വീകരിക്കുന്നതു പോലെ ദൈവത്തിനു സ്വാഗതമരുളിയത് കോരിത്തരിപ്പിക്കുന്ന അനുഭവമാണ്.

കഴിഞ്ഞ വർഷം യോഹന്നാച്ചന്റെ സഹോദരിയുടെ പുത്രൻ അമേരിക്കയിൽ നിന്നു വന്നപ്പോൾ മേരിക്കുട്ടിയുടെ കാര്യം നീ നോക്കിക്കൊള്ളണം എന്നു പറഞ്ഞിരുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ അന്ന് അനന്തിരവന്റെ മേൽ ഭ ര



MGM Ministries-Article Source:
Jyothimargom, April 1994, Vol. 11, No. 4, Page 8-13

# മരണത്തിനു മുമ്പൊരു ദർശനം

കടലിൻെറ മുകളിലൂടെയുള്ള ഒരു പാലത്തിലൂടെ ഏകനായി യോഹന്നാച്ചൻ നടന്നു പോകുന്നു. വളരെ ദൂരം പിന്നിട്ടപ്പോൾ പാലത്തിൻെറ മറ്റേ അറ്റത്തിൻെറ പണി ഇനിയും പൂർത്തീകരിക്കാനുള്ളതായിക്കണ്ടു. കമ്പികൾ ഇനിയും നീണ്ടു നിൽക്കുന്നു. പണിതീർക്കുവാൻ കുറച്ചു കൂടിയുണ്ട്. അതുകൊണ്ട് യാത്ര മുമ്പോട്ടു സാധിക്കയില്ല. ആയതിനാൽ താൻ തിരിച്ചു നടന്ന് കരയിലെത്തി. ഇതായിരുന്നു താൻ കണ്ട ദർശനം.

അർത്ഥം: ബയൂലനാട്ടിലേക്കുള്ള തൻെറ പ്രവേശനത്തിന് സമയം അല്പം കൂടിയുണ്ട് എന്നായിരുന്നു.

കുറിപ്പ്: ഏതാണ്ട് 93 ഒക്ടോബറിൽക്കണ്ട ഈ ദർശനത്തിനു ശേഷമാണ് തൻെറ മരണം. ദൈവം തൻെറ ഭൃത്യൻമാരെ അറിയിക്കാതെ ഒന്നും ചെയ്യുകയില്ല.

മേൽപ്പിച്ചിരുന്ന കാര്യം ഇത്രപെട്ടന്നായി തീരുമെന്ന് അദ്ദേഹം ധരിച്ചിരുന്നില്ല. ഭർത്തൃവിയോഗം വാർദ്ധക്യത്തിലേറ്റ മുറിപ്പാടാണെങ്കിലും ധൈര്യം കൈവിടാതെ നില്ക്കുന്ന പ്രിയ കർത്തൃദാസിയെ കുറിച്ചുള്ള ചുമതല ഏകസഹോദരൻ ജി. ദാനിയേലിനാണെങ്കിലും യോഹന്നാച്ചൻെറ സഹോദരങ്ങളും ബന്ധുക്കളും സംരക്ഷണവും ആശ്വാസവും ആകുമെന്നതിന് സംശയമില്ല.

മാർച്ച് 15-ന് ബയൂല ദേശത്തേക്ക് ദൈവം തന്നെ സ്വാഗതം ചെയ്തു. ആ ഭക്തപുരുഷനെ നിത്യതയിൽ ഒരുമിച്ചു കാണാം. തൻെറ മാതൃകാജീവിതം നമുക്കനുഗ്രഹമാകട്ടെ.



## സംഗമവേദി

കേരളത്തിലെ എല്ലാ പെന്തിക്കോസ്തു പ്രസ്ഥാനങ്ങളുടെയും നേതാക്കൾ ഒന്നിച്ചണി നിരന്നു. ദൈവസഭയിലെ തന്നെ ഒന്നിച്ചു ശുശ്രൂഷ ചെയ്യുന്നതിന് വിലക്കുകളുണ്ടായിരുന്നവരും ഒന്നിച്ചുചേർന്ന സ്ഥലമായിരുന്നു യോഹന്നാച്ചൻെറ ശവസംസ്ക്കാരശുശ്രൂഷ.



**ഭക്തനായ ദൈവഭൃത്യൻ മരിക്കുന്നതിന് ഒരു മണിക്കൂർ മുൻപ് വളരെ ശക്തിയായി കയ്യടിച്ച് ആരാധിക്കുകയായിരുന്നു. ഒപ്പം "വെൽക്കം" എന്നു നാലാവർത്തി പറഞ്ഞ് അതിഥികളെ സ്വീകരിക്കുന്നതു പോലെ ദൈവത്തിനു സ്വാഗതമരുളിയത് കോരിത്തരിപ്പിക്കുന്ന അനുഭവമാണ്.**

## ദേശത്തിൻെറ പ്രവാചകൻ

വാര്യാപുരത്തുള്ള ഹൈന്ദവൻെറയും മുസൽമാൻെറയും വീടുകളിൽ അതിപ്രധാന കാര്യങ്ങൾക്ക് യോഹന്നാച്ചൻ പ്രാർത്ഥിക്കണമായിരുന്നു. അവരുടെ കുഞ്ഞുങ്ങളെ സ്കൂളിൽ ചേർക്കുമ്പോൾ, പരീക്ഷക്കു മുൻപ്, വീടിന് തറക്കല്ലിടുമ്പോൾ എന്നു തുടങ്ങി നിരവധി കാര്യങ്ങൾക്ക് യോഹന്നാച്ചൻ വേണമായിരുന്നു.

വാര്യാപുരം, മലയാള മക്കൾക്ക് പ്രസിദ്ധമായത് യോഹന്നാച്ചനെന്ന ഭക്തൻെറ പേരിലാണ്.

## സ്ഥലം സഭാ ശുശ്രൂഷകൻ പാസ്റ്റർ എ.ജി. സാമുവേലിൻെറ വാക്കുകൾ

"ചെറുപ്പം മുതലേ എനിക്കു യോഹന്നാച്ചനെ പരിചയമുണ്ട്. ശുശ്രൂഷകൾ അനുഭവിച്ചിട്ടുണ്ട്. നേരത്തേ അറിഞ്ഞതിനേക്കാൾ ബഹുമാനം വാര്യാപുരം സഭയുടെ പാസ്റ്റർ ആയ ശേഷം എനിക്കുണ്ടായി. ദേശത്ത് സാക്ഷ്യമുള്ള ദൈവദാസനാണ് അച്ചായൻ.

വാര്യാപുരം സഭാഹാളിൻെറ ഇന്നത്തെ നിലയിലുള്ള പണിക്ക് മുൻകൈ എടുത്തത് അച്ചായനാണ്. അതിനുവേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. ഉപവാസ പ്രാർത്ഥനയിലെ വിഷയം 'ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും' എന്നുള്ളതായിരുന്നു. ഉപവാസ പ്രാർത്ഥനാ സമയത്ത്, 'തിന്നുകയും ശേഷിപ്പിക്കുകയും ചെയ്യും', ആലയം മനോഹരം ആയിരിക്കും. എന്നാൽ 'എൻെറ ശരീരത്തിൽ ബാധിക്കപ്പെടും' എന്നു താൻ പ്രസംഗത്തിലൂടെ പറഞ്ഞത് അതുപോലെ തന്നെ സംഭവിച്ചു.

തൻെറ ജീവിതാവസാനത്തെക്കുറിച്ച് കാഴ്ചപ്പാടുണ്ടായിരുന്ന ദൈവദാസൻ സഭയുടെ പാസ്റ്റർ ആയ എന്നേയും സെക്രട്ടറി ഇം.എം. ജോർജ്ജിനേയും കമ്മറ്റിയംഗം കുഞ്ഞുകുട്ടിച്ചായനേയും വിളിച്ച് സഭാകാര്യങ്ങൾ സംസാരിച്ച് പ്രാർത്ഥിച്ചിട്ടു കൈവീശി. സഭാവിഷയങ്ങളിലെ അവസാനത്തെ ചർച്ച. മുമ്പും പിമ്പും ഉണ്ടാകാതിരുന്ന അനുഭവമായിരുന്നു അത്. അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു എങ്കിലും വാര്യാപുരം ദേശത്തിൻെറ മൺതരിക്കുപോലും യോഹന്നാച്ചൻ പ്രിയപ്പെട്ടവനാണെന്ന കാര്യം സംശയമില്ല.

വാര്യാപുരം യോഹന്നാച്ചൻ നിത്യതയിൽ പ്രവേശിക്കുന്നതിനു മുൻപ് 'മരണം' എന്ന വിഷയത്തേക്കുറിച്ച് ഡയറിയിൽ എഴുതിവച്ചിരുന്ന ചെറുലേഖനം അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിക്കുന്നു.



MGM Ministries-Article Source: Jyothimargom, April 1994, Vol. 11, No. 4, Page 8-13